"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിൽ 7-ാം വാർഡിലുള്ള കരിപ്പക്കൽ കുടിവെള്ള പദ്ധതിക്ക് (ഗുണഭോക്തൃസമിതിയുടെ നിയന്ത്രണത്തിലുള്ളത്) മോട്ടോർ വാങ്ങുന്നതിനുള്ള പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതിക്ക് അനുമതി നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ) നം.969/2024/LSGD തീയതി,തിരുവനന്തപുരം, 04-06-2024

---

പരാമർശം:-

1. പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 16/03/2023ലെ തീരുമാനം നമ്പർ 1/3
2. പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 14.012.2023-ലെ A4/739/23 നമ്പർ കത്ത് (SRG/133/24 - CC/991/23).
3. 06.03.2024--ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി യോഗത്തിലെ പ്രത്യേക വിഷയങ്ങളിലെ തീരുമാനം നമ്പർ 4.46

**ഉത്തരവ്**

പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിൽ 7-ാം വാർഡിലുള്ള കരിപ്പക്കൽ കുടിവെള്ള പദ്ധതിക്ക് (ഗുണഭോക്തൃസമിതിയുടെ നിയന്ത്രണത്തിലുള്ളത്) മോട്ടോർ വാങ്ങുന്നതിനു പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് 2022-2023 വർഷം ഏറ്റെടുത്തിരുന്ന പ്രോജക്ട് 2023-24 വർഷം സ്പിൽ ഓവറായി തുടർന്നിരുന്നു.

പ്രോജക്ട് നമ്പർ 121/24
അടങ്കൽ - 1,00,000/- രൂപ (തനത് ഫണ്ട്),
പേര് - പള്ളിക്കത്തോട് ഗ്രാമപഞ്ചായത്ത് വാർഡ് -7 കരിപ്പക്കൽ കുടിവെള്ള പദ്ധതിക്ക് മോട്ടോർ വാങ്ങൽ).

2. മോട്ടോർ റിപ്പയർ ചെയ്യാനാവാത്ത വിധം കേടായിട്ടുള്ളതിനാലും പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ താമസിക്കുന്ന മേഖലയാണ് ഈ പ്രദേശം എന്നതിനാലും പുതിയ മോട്ടോർ വാങ്ങി സ്ഥാപിക്കാൻ അനുമതി തേടി പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ പരാമർശം (1) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി പരിഗണിച്ചിരുന്നു.

3. പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിൽ 7-ാം വാർഡിലുള്ള കരിപ്പക്കൽ കുടിവെള്ള പദ്ധതിക്ക് (ഗുണഭോക്തൃസമിതിയുടെ നിയന്ത്രണത്തിലുള്ളത്) മോട്ടോർ വാങ്ങുന്നതിനുള്ള പാമ്പാടി ബ്ലോക്ക് ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതിക്ക് അനുമതി നൽകുന്നതിന് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി പരാമർശം (3) പ്രകാരം തീരുമാനിച്ചിരുന്നു.

4. സർക്കാർ ഇക്കാര്യം പരിശോധിച്ചു. പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിൽ 7-ാം വാർഡിലുള്ള കരിപ്പക്കൽ കുടിവെള്ള പദ്ധതിക്ക് മോട്ടോർ വാങ്ങുന്നതിനുള്ള പാമ്പാടി ബ്ലോക്ക് ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതിക്ക് (പ്രോജക്ട് നമ്പർ 121/24, അടങ്കൽ - 1,00,000/- രൂപ (തനത്

ഫണ്ട്), പേര് - പള്ളിക്കത്തോട് ഗ്രാമപഞ്ചായത്ത് വാർഡ് -7 കരിപ്പക്കൽ കുടിവെള്ള പദ്ധതിക്ക് മോട്ടോർ വാങ്ങൽ) പരാമർശം 3-തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHEEJA R S
ജോയിന്റ് സെക്രട്ടറി

പ്രസിഡന്റ് / സെക്രട്ടറി, പാമ്പാടി ബ്ലോക്ക് പഞ്ചായത്ത്, കോട്ടയം
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
ഡയറക്ടർ (റൂറൽ), തദ്ദേശസ്വയംഭരണ വകുപ്പ് , തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിങ് ബോർഡ്, പട്ടം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്I /ആഡിറ്റ് II ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി
തദ്ദേശ സ്വയം ഭരണ (DA) വകുപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Resmi R S
സെക്ഷൻ ഓഫീസർ
Date: 04-06-2024 11:23:20

പകർപ്പ്-

തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്